**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2666** **13-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷനുള്ള മസ്റ്ററിംഗ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ക്ഷേമ പെൻഷൻ മസ്റ്ററിംഗിന് അനുവദിച്ചിരുന്ന സമയത്ത് മസ്റ്ററിംഗ് നടത്തുവാൻ കഴിയാതിരുന്ന ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നടത്തുന്നതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കാണ് മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്നത്. പ്രസ്തുത മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും, മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ / ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിന് മുൻപുള്ള കാലയളവ്) സമയം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ